നാലഞ്ചു റിവ്യൂ മീറ്റിംഗുകൾ ഇതിനുവേണ്ടി ബഹുമാന്യനായ മന്ത്രി നടത്തുകയുണ്ടായി. പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതിനുവേണ്ടി നിരവധി തവണ തീയതികൾ മാറ്റി മാറ്റി പറഞ്ഞതു കാരണം ഇപ്പോൾ നാട്ടുകാരോടു പദ്ധതിയുടെ പൂർത്തീകരണത്തെക്കുറിച്ചു പറയാനാവാത്ത സ്ഥിതിയാണുള്ളത്. ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചതാണ് തകരാറുകൾക്ക് കാരണവും പണി നീണ്ടുപോകാനുള്ള കാരണവുമെന്നാണ് നാട്ടുകാരുടെ ഇടയിലുള്ള സംസാരം.. ഈ സ്കീം കമ്മീഷൻ ചെയ്യുന്നതിന് 2003 മാർച്ച്, ആഗസ്റ്റ്, നവംബർ എന്നീ മാസങ്ങളിലായി പല തീയതികൾ പല സമയത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഈ സ്കീമിന്റെ അവശേഷിക്കുന്ന പണി ഉടൻ പൂർത്തിയാക്കി, സ്കീം കമ്മീഷൻ ചെയ്യാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. പൈപ്പ്ലൈൻ വലിക്കാത്ത നിരവധി സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ആ പ്രദേശങ്ങളിലെ ജനങ്ങളിൽ രോഷവും പരാതിയും ഉണ്ടാകും. ലൈൻ വലിക്കാത്ത സ്ഥലങ്ങളിൽ ലൈൻ വലിക്കാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. 1993-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവാദം കൊടുത്ത ഒരു സ്കീമാണ്. അത് നിർഭാഗ്യവശാൽ ആ സ്കീമിന്റെ പ്രവൃത്തികൾ നീണ്ടുപോകുകയാണുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. വർക്കല കഹാറിന്റെ നിർബന്ധപ്രകാരം ഞാൻ നാലഞ്ചു പ്രാവശ്യം ഈ പ്രോജക്ടിനെ സംബന്ധിച്ച് റിവ്യൂ നടത്തി. ഇപ്പോൾ അതിന്റെ ജോലികൾ അവസാന സ്റ്റേജിലാണ്. റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്ന ഒരു ജോലി മാത്രമേ ഇനി തീർക്കാനുള്ളൂ. ബാക്കി എല്ലാ പണിയും തീർത്തുകഴിഞ്ഞിട്ടുണ്ട്. 1-4-2004 മുതലാണ് ട്രയൽ റൺ ആരംഭിച്ചത്. അപ്പോഴുണ്ടായ അറ്റകുറ്റപ്പണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസം ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്താം. ഉദ്ഘാടനം കഴിഞ്ഞ് ആളുകൾക്ക് വെള്ളം കിട്ടാതിരുന്നാൽ എം.എൽ.എ.-ക്ക് കൂടുതൽ ക്ഷീണം ഉണ്ടാകും. അങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് എല്ലാ പണികളും കഴിഞ്ഞിട്ടും ഇത്രയും കമ്മീഷൻ ചെയ്യാമെന്ന് തീരുമാനിച്ചത്. ഇതുവരെ 877.04 ലക്ഷം രൂപ ഈ പ്രോജക്ടിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

(5) എയ്ഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ആവശ്യങ്ങൾ

ശ്രീ. ടി. കെ. ബാലൻ: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിലേയും സ്കൂളുകളിലേയും ഏകദേശം മുപ്പത്തി അയ്യായിരത്തോളം വരുന്ന നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ജോലി സ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും ഇന്ന് അപകടത്തിലായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അവരുടെ സ്റ്റാഫ് പാറ്റേണിനെ സംബന്ധിച്ച് സർക്കാർ നിരവധി ചർച്ചകൾ നടത്തിയെങ്കിലും ഇതുവരെ അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടായിട്ടില്ല. 1500 കുട്ടികൾക്ക് ഒരു ക്ലാർക്ക് എന്നുള്ളതാണ് നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ അനുപാതം. ഒരു കുട്ടി കുറഞ്ഞാൽ അവിടെ സ്റ്റാഫില്ലാതാകുന്ന സ്ഥിതിയാണ് വരുന്നത്. അദ്ധ്യാപകന്മാർക്കുള്ളതുപോലുള്ള പ്രൊട്ടക്ഷൻ അവർക്കു ലഭിക്കുന്നില്ല. അതുകൊണ്ട് അവരുടെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റ് പരിഗണിച്ച് ഉത്തരവുണ്ടാകണം. അതുപോലെ ആശ്രിത നിയമനം പോലെയുള്ള കാര്യങ്ങളിലും തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, സ്റ്റാഫ് പാറ്റേണിനെ സംബന്ധിച്ച് പഠിക്കുന്നതിന് ശ്രീ. സി. കെ. വിശ്വനാഥൻ, ഐ.എ.എസ്.-നെ കൺവീനറായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു, ആ കമ്മിറ്റി വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു അഭിപ്രായം രൂപീകരിച്ചു. ശ്രീമതി ശാരദാമുരളീധരൻ, ഐ.എ.എസ്. കൺവീനറായ രണ്ടാമത് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ശ്രീമതി ശാരദാമുരളീധരൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കണമെന്ന് മന്ത്രിസഭാ ഉപസമിതി തീരുമാനിച്ചു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിനുശേഷം ആ റിപ്പോർട്ട് സ്വീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എയ്ഡഡ് കോളേജുകളിലെ സ്റ്റാഫിന്റെ കാര്യം ക്യാബിനറ്റ് ഉപസമിതി തീരുമാനിച്ചു. അതിനുശേഷം ഫൈനാൻസിന്റെ നിർദ്ദേശം കിട്ടുന്നതനുസരിച്ച് മുന്നോട്ട് നീങ്ങും. എയ്ഡഡ് സ്കൂളുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ പ്രൊട്ടക്ഷനും ആശ്രിത നിയമനത്തിന്റെ ആനുകൂല്യങ്ങളും ഇപ്പോൾ നിലവിലുണ്ട്. എന്നാൽ എയ്ഡഡ് കോളേജ് നോൺ ടീച്ചിംഗ് സ്റ്റാഫിന് ഈ രണ്ട് ആനുകൂല്യങ്ങളും ലഭ്യമല്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അക്കാര്യം അടിയന്തിരമായി ആലോചിക്കാമെന്നാണ് എനിക്കു പറയുവാനുള്ളത്.

(6) അമിതമായ കീടനാശിനി പ്രയോഗം മൂലം തോട്ടം മേഖലയിലെ ആളുകൾക്ക് ക്യാൻസർ രോഗം ഉണ്ടാകുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, അമിതമായ കീടനാശിനി പ്രയോഗം മൂലം ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ ക്യാൻസർ രോഗം വർദ്ധിച്ചിരിക്കുകയാണ്. ഇടുക്കിയിൽ നിന്നും ആർ.സി.സി.-യിൽ എത്തിയിട്ടുള്ള രോഗികളുടെ വർദ്ധനവ് പരിഗണിച്ച് ആർ.സി.സി.-യും അമേരിക്കയിലെ പ്രശസ്തമായ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് ഒരു പഠനം നടത്തുകയുണ്ടായി. പഠനത്തിൽ കാണുന്നത് സ്തനാർബുദം അടക്കമുള്ള പല ക്യാൻസർ രോഗങ്ങളുടെയും മൂലകാരണം കീടനാശിനികളുടെ അമിതമായ പ്രയോഗമാണെന്നാണ്. ആർ.സി.സി.-യിൽ നിന്നും ചികിത്സ ഉപേക്ഷിച്ചു പോകുന്ന ആളുകളെ സംരക്ഷിക്കുന്ന രണ്ടു സ്ഥാപനങ്ങൾ ഇടുക്കിയിൽ ഉണ്ട്. ഒന്ന് മുരിക്കാശ്ശേരിയിലെ ഡോക്ടർ സിസ്റ്റർ സുഗുണ നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly